
1900
Academic Master Plan

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## കാടാച്ചിറ എൽ പി സ്കൂൾ

## ആമുഖം

1900-ാം ആണ്ടിൽ മഹാനായ എ.കെ.ജിയുടെ വന്ദ്യപിതാവ് ശ്രീ.രൈരു നമ്പ്യാരാൽ സ്ഥാപിതമായതാണ് കാടാച്ചിറ എൽ.പി സ്കൂൾ. പിന്നീട് ഭിഷഗ്വരനായ ശ്രീ. കാടാച്ചിറ കണ്ണൻ ഗുരുക്കൾ ഏറ്റെടുത്ത് വളർത്തിയെടുത്ത ഈ വിദ്യാലയം 118-ാം വർഷത്തിലേക്ക് കടക്കുകയാണ് ഏകാധ്യാപക വിദ്യാലയമായി ആരംഭിച്ച് ആയിരങ്ങൾക്ക് അക്ഷരത്തിന്റെയും അറിവിന്റെയും പ്രകാശം പരത്തി സൂര്യപ്രഭയോടെ നിലനിൽക്കുകയാണ് ഈ വിദ്യാലയം . അധ്യാപക യോഗ്യത നേടാൻ ഇംഗ്ലീഷ് പരിജ്ഞാനം കൂടി അനിവാര്യമായിരുന്ന പഴയകാലത്ത് അത് നേടുന്നതിന് അക്കാലത്തുണ്ടായിരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഈ സ്കൂളിനോടനുബന്ധിച്ച് ഒരു നിശാപാഠശാല സ്ഥാപിച്ച് അധ്യാപക വിദ്യാർത്ഥികളെ ഇംഗ്ലീഷ് പഠിപ്പിക്കാൻ പാവങ്ങളുടെ പടത്തലവനായിരുന്ന എ.കെ.ജി സമയം കണ്ടെത്തിയിരുന്നുവെന്ന് അദ്ദേഹത്തിന്റെ ആത്മകഥയിൽ പ്രതിപാദിച്ചിട്ടുണ്ട്.

പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങളിലൂടെ നാം നേടിയെടുത്ത നേട്ടങ്ങൾ നിരവധിയാണ്. ആധുനികകാല ഘട്ടത്തിലേക്ക് പുതുതലമുറയെ അതിവേഗം കടന്നു ചെല്ലാൻ പ്രാപ്തമാക്കുന്ന സ്മാർട്ട് ക്ലാസ്സ് റൂം നിലവിൽ പ്രവർത്തികമായിട്ടുണ്ട്. സാമൂഹ്യ ശാസ്ത്ര മേളയിൽ വർഷങ്ങളായി ചാമ്പ്യൻഷിപ്പ് നിലനിർത്താൻ സാധിക്കുന്നുണ്ട്. കേരള ഭാരത സ്കൗട്ട് & ഗൈഡ്സ് ബുൾബുൾ വിഭാഗം കുട്ടികൾ ദേശീയതലത്തിൽ ഗോൾഡൻ ഓരോ പുരസ്കാരം വർഷങ്ങളായി കരസ്ഥമാക്കുന്നുണ്ട്. സംസ്ഥാന തലം വരെ നിരവധി മത്സര പരീക്ഷകളിൽ ഉന്നതസ്ഥാനം നേടിയ പൂർവ്വ വിദ്യാർത്ഥികൾ വിദ്യാലയത്തിന്റെ അഭിമാനമാണ്. എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങളിലും എപ്ലസ് കരസ്ഥമാക്കിയ നിരവധി കുട്ടികൾ ഉണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ കീഴിൽ വരുന്നതും മറ്റ് ക്ലബ് പരിപാടികളിലും ലൈബ്രറി കൗൺസിൽ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവർ നേതൃത്വം നൽകുന്നതുമായ മത്സരപരിപാടികളിൽ മുൻനിരയിലെത്താൻ സാധിച്ച ധാരാളം കുട്ടികൾ നമ്മുടെ വിദ്യാലയത്തിലുണ്ട്. പലതുള്ളി പുരസ്കാരം, പഞ്ചായത്തിലെ മികച്ച വിദ്യാലയം, സംസ്ഥാന അധ്യാപക അവാർഡ് എന്നിവയാൽ

സമ്പന്നമായ ചരിത്രം നമുക്കുണ്ട്. അന്താരാഷ്ട്ര പയർ വർഗ വർഷമായ 2017 ൽ സംസ്ഥാന തലത്തിൽ പങ്കെടുക്കാൻ സാധിച്ചിട്ടുണ്ട്. സ്കൂളിന്റെ സർവ്വതോമുഖ വികാസത്തിനു വേണ്ടി പ്രയത്നിച്ച പൂർവ്വ അധ്യാപകരുടെ സേവനം സ്തുത്യർഹമാണ്. ശക്തമായ പി.ടി.എ, എസ്.എസ്.ജി നാട്ടുകാർ എന്നിവരുടെ സഹകരണവും പിന്തുണയും സ്കൂളിന് മുതൽക്കൂട്ടാണ്. ഉച്ചഭക്ഷണ പദ്ധതി കൃത്യമായി ചെയ്തുവരുന്നു.

കണ്ണൂർ ജില്ലയിൽ, കടമ്പൂർ പഞ്ചായത്തിൽ, കടമ്പൂർ എന്ന പ്രദേശത്ത് കണ്ണൂർ കൂത്തുപറമ്പ് റോഡിനരികിലായി സ്കൂൾ കെട്ടിടം സ്ഥിതി ചെയ്യുന്നു . 1 മുതൽ 5 വരെ ക്ലാസ്സുകൾ നിലവിലുണ്ട്. 5 അധ്യാപികന്മാർ സ്കൂളിലുണ്ട്.

സ്കൂൾ കോഡ് - 13189

ഇ-മെയിൽ - **lpskadachira@gmail.com**

മൊബൈൽ നമ്പർ - 9495461675

കുട്ടികളുടെ ആകെ എണ്ണം - 30+31=61

ഉപജില്ല - കണ്ണൂർ സൗത്ത്

ബി.ആർ.സി - കണ്ണൂർ സൗത്ത്

സ്കൂൾ മാനേജർ - ശ്രീ പി രാജൻ

സ്കൂളിന്റെ സ്ഥലം - 40 സെന്റ്

പിടിഎ പ്രസിഡണ്ട് - ശ്രീ കെ രാജേഷ്

എം.പി.ടി.എ പ്രസിഡന്റ് - ശ്രീമതി ബിന്ദു സി.പി

വിദ്യാലയ സംരക്ഷണ സമിതി കൺവീനർ - ശ്രീ പ്രശാന്തൻ എൻ

പൂർവ്വ വിദ്യാർത്ഥി സമിതി കൺവീനർ - ശ്രീ സുധീപൻ

എസ്.എസ്.ജി കൺവീനർ - ശ്രീ. ഉത്തമൻ മാസ്റ്റർ

എച്ച്.എം - ഷീന പി.കെ

സഹാധ്യാപികമാർ

ശ്രീജ പി

വനജ പി

അർച്ചന പി

സുഹാസിനി യു.സി

## പരിമിതികൾ

ചുറ്റുമതിലിന്റെ അഭാവം

കായിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ കളിസ്ഥലത്തിന്റെ അപര്യാപ്തത

പഠന-പാഠ്യേതര പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ കെട്ടിടത്തിന്റെ അപര്യാപ്തത .

## പൊതു ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠന നേട്ടങ്ങൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിക്കുക.
- സ്കൂളിന്റെ സമഗ്രവികസനത്തിന് പിടിഎ, എസ്എസ്ജി, പൂർവ്വ വിദ്യാർത്ഥി സമിതി മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സാന്നിധ്യവും സേവനവും ഉറപ്പു വരുത്തുക.
- കമ്പ്യൂട്ടർ പഠനം മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക.

## അക്കാദമിക് മാസ്റ്റർ പ്ലാനിൽ പരിഗണിക്കേണ്ട മേഖലകൾ

1) അടിസ്ഥാന ശേഷി വികസനം
2) ഇംഗ്ലീഷ് പഠനം
3) വായന
4) കമ്പ്യൂട്ടർ വിദ്യാഭ്യാസം
5) ശാസ്ത്രം / ലാബ് / പരീക്ഷണങ്ങൾ
6) പഠനയാത്ര
7) ഒന്നാം തരം ഒന്നാന്തരമാക്കൽ
8) പഠനോപകരണ നിർമ്മാണം
9) പരീക്ഷ / നിരന്തര വിലയിരുത്തൽ / മത്സരപ്പരീക്ഷകൾ

**കാടാച്ചിറ എൽ.പി സ്കൂൾ ഏറ്റെടുത്ത് നടപ്പിലാക്കൽ**

**തീരുമാനിച്ച മേഖലകൾ**

1) മലയാള മാധുര്യം
2) SWEET ENGLISH
3) ഗണിത മധുരം
4) ശാസ്ത്ര കൗതുകം
5) കല - കായിക പരിശീലനം
6) സാമൂഹ്യശാസ്ത്രം ലളിതമാക്കാം

| | |
|---|---|
| <u>**ഹ്രസ്വകാല പദ്ധതികൾ**</u><br><br>മലയാള മാധുര്യം<br>സാമൂഹ്യ ശാസ്ത്രം ലളിതമാക്കൽ | 6 മാസം |
| <u>**മധ്യകാല പദ്ധതികൾ**</u><br><br>ഗണിതം മധുരം<br>SWEET ENGLISH | 2 വർഷം |
| <u>**ദീർഘകാല പദ്ധതികൾ**</u><br><br>കലാകായിക പരിശീലനം<br>ശാസ്ത്ര കൗതുകം | 3 വർഷം |

# മലയാള മാധുര്യം

# വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ആശയ സ്വാംശീകരണത്തിനായ് ചിത്ര സാധ്യതകൾ ഉപയോഗപ്പെടുത്തൽ | ചിത്ര വായനയിലൂടെ മറ്റ് വ്യവഹാര രൂപങ്ങൾ രൂപപ്പെടുത്തൽ | വായനാവാരം | വായനക്ലബ് | 500 | പി.ടി.എ |
| വ്യക്തവും കൃത്യവുമായ ആലേഖന ക്രമം പരിചയപ്പെടുത്തൽ | അക്ഷര മാതൃകകൾ തിരിച്ചറിയൽ<br>അക്ഷര വലിപ്പം<br>ആലേഖനക്രമം ഉറപ്പിക്കൽ | ജൂലൈ | അധ്യാപിക | 500 | പി.ടി.എ |
| പദസമ്പത്ത് വർദ്ധിപ്പിക്കൽ | പദക്കാർഡുകൾ നിർമ്മാണം, പ്രദർശനം<br>വളരും പദപുസ്തകം | ആഗസ്റ്റ്<br>ഫിബ്രവരി | ഭാഷാധ്യാപിക<br>വായനക്ലബ് | 500 | പി.ടി.എ |
| തെറ്റില്ലാതെ ലഘു വാക്യങ്ങൾ എഴുതൽ | പദ-സൂചനയിലൂടെ ആശയാവതരണം<br>വാക്യ നിർമ്മാണം, പ്രദർശനം | സെപ്തംബർ<br>ഫിബ്രവരി | ഭാഷാധ്യാപിക<br>വായനക്ലബ് | 200 | പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥി |
| പുസ്തകങ്ങൾ പരിചയപ്പെടൽ | പുസ്തക ശേഖരണം<br>പ്രദർശനം<br>സിഡി ലൈബ്രറി പ്രദർശനം<br>കുട്ടികൾക്ക് വായനാശാലയിൽ അംഗത്വം നേടൽ | രണ്ട് മാസത്തിലൊരിക്കൽ | വായനക്ലബ്<br>പൂർവ്വ വിദ്യാർത്ഥി | 5000 | പി.ടി.എ<br>എസ്.എസ്.ജി |

| | | | | | |
|---|---|---|---|---|---|
| | വളരുന്ന പിറന്നാൾ പുസ്തകം<br>വായനശാല സന്ദർശനം | | | | |
| സർഗ്ഗോത്സവം സംഘടിപ്പിച്ച് കലാവാസനകൾ പ്രോത്സാഹിപ്പിക്കുക | ബാലസഭ കുട്ടി എഴുത്തുകാരെ അനുമോദിക്കൽ | മാസത്തിൽ ഒരിക്കൽ | വായന ക്ലബ്<br>വിദ്യാരംഗം കോഡിനേറ്റർ | | പി.ടി.എ<br>എസ്.എസ്.ജി |
| സാമൂഹിക ഇടപെടലിലൂടെ വായനയ്ക്ക് പുതിയ തലം കണ്ടെത്തൽ | കൂട്ട് കൂടാം പുസ്തക കൂട്ടുകാരെ<br>വീട്ടുമുറ്റ വായന<br>എഴുത്തുകാരോടൊപ്പം സന്ദർശനം<br>കൈയ്യെഴുത്ത് മാസിക | ഫെബ്രവരി | വായന ക്ലബ്<br>അദ്ധ്യാപിക<br>വായന ശാല | | പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥി |

# SWEET ENGLISH

## SUBJECT: ENGLISH

| AIMS | Activities | Duration | Duty | Estimate | Monitoring |
|---|---|---|---|---|---|
| Provide ample opportunities to familiarize vocabularies.<br>To ensure the possibilities of ICT | Language game for vocabulary expansion | July to December | English teacher<br>SSG<br>English club | 500 | MPTA |
| Ensure the ability to write correctly by using different types of sentence pattern | Picture exhibition<br>Worksheet distribution<br>Diary writing | September to December | Teacher MPTA<br>English club | 1000 | SSG |
| Speak English very freely | Share simple themes and practice speech | August to February | PTA<br>RP | 500 | PTA |
| Enhance reading habits by using English books | English library books distribution | August to February | PTA | 2000 | PTA |
| Release English magazine | Monthly products from classroom and outdoor activities | June to February (Two month) | PTA Editorial board | 2000 | PTA<br>SSG<br>SSA |

| | | | | | |
|---|---|---|---|---|---|
| Create ample opportunities to perform creative work. | Perform songs and stories with action in balasabha. Give chan ces to perform skits and choreography.<br>English Fest | Monthly<br>Special day | MPTA | 1000 | PTA<br>SSG |

# ഗണിതം
# മധുരം

## വിഷയം : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ഗണിതത്തിന്റെ ആവശ്യകത, ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തൽ.<br>ഗണിതപരമായപിന്നോക്കാവസ്ഥ പരിഹരിക്കൽ | ഗണിത ക്ലബ് (സംഖ്യകൾ, സമയം, അളവുകൾ)<br>കുസൃതിക്കണക്ക്<br>പസിലുകൾ<br>ഗണിത പാട്ടുകൾ<br>ഗണിത കളികൾ<br>മനക്കണക്കുകൾ<br>ഗണിത പുസ്തക പ്രദർശനം | മാസത്തിൽ | ഗണിത അദ്ധ്യാപിക<br>കുട്ടികൾ (ഗണിത ക്ലബ്)<br>അധ്യാപകർ<br>അധ്യാപകർ | | MPTA<br>അധ്യാപകർ<br>MPTA<br>പി.ടി.എ |
| ഗണിത പഠനത്തിൽ കൃത്യത, സൂക്ഷ്മത കൈവരിക്കൽ, അളവുകൾ തമ്മിലുള്ള ബന്ധം മനസ്സിലാക്കൽ | മെട്രിക് മേള (നീളം, ഭാരം, ഉള്ളളവ്)<br>പഠനോപകരണ നിർമ്മാണ ശില്പശാല<br>പ്രോജക്ട് (വരവ് - ചെലവ്, വെള്ളത്തിന്റെ ഉപയോഗം) | സെപ്തംബർ മുതൽ ജനുവരി | അധ്യാപകർ<br>റിസോഴ്സ് പേഴ്സൺ<br>അധ്യാപകൻ | 3000 | പി.ടി.എ<br>വിദ്യാലയ സംരക്ഷണ സമിതി<br>MPTA |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | വർക്ക് ഷീറ്റ്<br>ICT ഗണിതക്രിയകൾ ഉറപ്പിക്കൽ | മാസത്തിൽ | അധ്യാപകൻ | 1000 | MPTA |
| ലിറ്റിൽ മാസ്റ്റർ ഓഫ് മാത്തമറ്റിക് | ഗണിത പ്രവർത്തനത്തിൽ കഴിവ് വിലയിരുത്തി കുട്ടികളെ അനുമോദിക്കൽ (ഓരോ ക്ലാസിൽ നിന്നും കുട്ടികളെ കണ്ടെത്തൽ) | ഫിബ്രവരി മാർച്ച് | ഗണിത അധ്യാപകൻ | | MPTA<br>PTA |
| മാഗസിൻ പ്രകാശനം | എഡിറ്റോറിയൽ ബോർഡിന്റെ നേതൃത്വത്തിൽ സൃഷ്ടികൾ ക്രമീകരിക്കൽ | ഫിബ്രവരി | അധ്യാപകൻ | 2000 | പ്രാദേശിക ഭരണകൂടം<br>PTA |

# ശാസ്ത്ര
# കൗതുകം

**മേഖല:അക്കാദമികം** **ഉപമേഖല : ശാസ്ത്ര പഠനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം വിശകലനം | മോണിട്ടറിം |
|---|---|---|---|---|---|
| പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടമുറപ്പിക്കുന്നതിനും എല്ലാ ക്ലാസ്സിലും ശാസ്ത്രമൂല ഉറപ്പാക്കൽ | സാമഗ്രികൾ വാങ്ങൽ<br>സാമഗ്രികളുടെ ശേഖരണം<br>സ്കൂൾ ലാബ് സജ്ജമാക്കൽ<br>പരീക്ഷണ ശില്പശാല | ജൂൺ അവസാന വാരം മുതൽ ഡിസംബർ വരെ | എസ്.ആർ.ജി<br>താൽപര്യമുള്ള അധ്യാപകർ | 2000 | പി.ടി.എ<br>എസ്.എസ്.ജി |
| അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലാതാക്കുക | വാനനിരീക്ഷണ കേമ്പ്<br>ICT സാധ്യത കുട്ടികൾക്കും രക്ഷിതാക്കൾക്കും | രണ്ടാം ടേമിൽ | പിടിഎ | 500 | പിടിഎ |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | ജൈവ വൈവിധ്യ പാർക്ക് | 6 മാസം | പിടിഎ | 3000 | വിദ്യാലയ വികസന സമിതി<br>പിടിഎ<br>എസ്എസ്ജി |
| ശാസ്ത്രത്തിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക. ശാസ്ത്രത്തിനു വേണ്ടി ജീവിതം സമർപ്പിച്ച വരോടും ആദരവ് പുലർത്തുക. | ശാസ്ത്ര പുസ്തകങ്ങൾ ക്ലാസ്സ് നിലവാരത്തിനുള്ളത് ശേഖരിക്കൽ<br>ശാസ്ത്ര ക്വിസ്സ്<br>ദിനാചരണങ്ങൾ<br>ശാസ്ത്ര ആൽബം<br>സിഡി പ്രദർശനം | ജൂൺ-ഫിബ്രവരി | പിടിഎ<br>അധ്യാപകർ<br>ശാസ്ത്ര ക്ലബ്ബ് | 500 | പിടിഎ |
| വ്യക്തി ശുചിത്വവും സാമൂഹിക ശുചിത്വവും പാലിച്ചു കൊണ്ട് ശാരീരിക - മാനസിക - സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക | ആരോഗ്യ-ശുചിത്വ ബോധവൽക്കരണ ക്ലാസ്സ്<br>ഡ്രൈ-ഡേ ആചരിക്കൽ<br>മാലിന്യങ്ങൾ വേർതിരിക്കൽ സംസ്കരണം<br>പൊതു ഇടങ്ങൾ ശുചിയാക്കൽ<br>പോസ്റ്റർ രചന | ആഗസ്റ്റ്<br>എല്ലാ വെള്ളിയാഴ്ചയും | അധ്യാപകർ<br>ആരോഗ്യ പ്രവർത്തകർ | 500 | പിടിഎ |

# കലാ- കായിക പരിശീലനം

## കലാകായിക വിദ്യാഭ്യാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| മികച്ച രീതിയിലുള്ള കായിക വിദ്യാഭ്യാസം ഉറപ്പിക്കുന്നതിന് | നാടൻ കളികൾ (10 എണ്ണം)<br>പരിചയപ്പെടാം - കളിക്കാം<br>നീന്തൽ പരിശീലനം<br>മാസ്ഡ്രിൽ<br>സൈക്ലിംഗ് | 6 മാസം<br>വർഷത്തിൽ 4 മാസം<br>അധ്യയന വർഷം മുഴുവൻ ആഴ്ചയിൽ ഒരു ദിവസം | അധ്യാപകർ രക്ഷിതാക്കൾ പൂർവ്വ വിദ്യാർത്ഥികൾ നാട്ടുകാർ | പൂർവ്വ വിദ്യാർത്ഥികൾ 2000 രൂപ | പി.ടി.എ അംഗങ്ങൾ എസ്.എസ്.ജി വിദ്യാലയ വികസന സമിതി അംഗങ്ങൾ |
| കളിയുപകരണങ്ങൾ ഉപയോഗിച്ച് കളിക്കാനുള്ള പരിശീലനത്തിലൂടെ ലക്ഷ്യപ്രാപ്തിയിലേക്ക് | 'കളിയരങ്ങ്' R.P മാരുടെ നേതൃത്വത്തിൽ ഫുട്ബോൾ ഷട്ടിൽ, ക്രിക്കറ്റ് | അവധി ദിനങ്ങൾ<br>(1 വർഷം) | പി.ടി.എ പ്രസിഡണ്ട് | പി.ടി.എ കുട്ടികൾ, Amount 10,000 | വിദ്യാലയ വികസന സമിതി |
| കുട്ടികളുടെയും രക്ഷിതാക്കളുടെയും കലാവാസനകളെ ഉണർത്തുന്നതിനും, പരിപോഷിപ്പിക്കുന്നതിനും, സൃഷ്ടികൾ രൂപപ്പെടുത്തുന്നതിനും പ്രദർശനം നടത്തുന്നതിനും | ബാലസഭ<br>സഹവാസ ക്യാമ്പ് (കഥ, കവിത, ചിത്രം അഭിനയം etc)<br>'കളിച്ചെപ്പ് മാസിക' | മാസം 2 തവണ<br>അധ്യയന വർഷത്തിൽ 3 ദിവസം | വിദ്യാരംഗം കൺവീനർ പി.ടി.എ പൂർവ്വ വിദ്യാർത്ഥികൾ, അധ്യാപകർ | പി.ടി.എ പൂർവ്വ അധ്യാപകർ, രക്ഷിതാക്കൾ (15,000 രൂപ) | വിദ്യാലയ വികസന സമിതി സിആർസി etc |
| പഠനം, ലളിതവും രസകരവുമാക്കുന്നതിനും കുട്ടികളെ സ്വതന്ത്ര വായനക്കാരനാക്കുന്നതിനും | വായനാ കാർഡ് നിർമ്മാണം (STD I & II)<br>പഠനോപകരണ നിർമ്മാണം (I & IV) | 2 ദിവസം<br>4 ദിവസം | ക്ലാസ് ടീച്ചർ സിആർസി യിലെ ആർ പി മാർ | പി.ടി.എ Trs grant (5000 രൂപ) | പി.ടി.എ എസ്.എസ്.ജി |

# സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംങ് |
|---|---|---|---|---|---|
| സ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ കുറിച്ച് കൂടുതലറിയുന്നതിനും പ്രാദേശിക നന്മ തിരിച്ചറിയുന്നതിനും | പ്രാദേശിക ചരിത്രം കണ്ടെത്തൽ അഭിമുഖം, വാതിൽ പുറ പഠനം, വിവര ശേഖരണം, പ്രൊജക്ട്, പ്രാദേശിക ചരിത്ര രചന | 6 മാസം | ക്ലാസ് ടീച്ചർ ആർ പി മാർ | 2000 രൂപ | പി.ടി.എ |
| പഴയകാല ജീവിതരീതികളെ കുറിച്ചറിയുന്നതിനും ഉപകരണങ്ങൾ പരിചയപ്പെടുന്നതിനും | പഴയകാല ഉപകരണങ്ങൾ ശേഖരണം, പ്രദർശനം, ഉപയോഗങ്ങളറിയൽ, പ്രൊജക്ട് | 2 മാസം | ടീച്ചർ, പി.ടി.എ പ്രദേശത്തെ തെരഞ്ഞെടുത്ത വീട്ടുകാർ | 1000 രൂപ | എസ്.എസ്.ജി പി.ടി.എ |
| പ്രാദേശിക ഇടപെടൽ ശാക്തീകരിക്കൽ | പഠനയാത്രകൾ, അഭിമുഖങ്ങൾ, കലാപരിപാടികൾ, പരിശീലനങ്ങൾ | പ്രത്യേക ദിനാചരണങ്ങളിൽ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | | പി.ടി.എ |